# Deepika

## 28 August 2018

## Kochi; Cleaning, after flood

### വെള്ളം കയറിയ സ്ഥലങ്ങളിൽ ഫാക്ട് ശുചീകരണ പ്രവർത്തനം നടത്തി

**കൊച്ചി:** ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ഫാക്ടിന്റെ ഫയർസർവീസ് വിഭാഗം ഫാക്ട് പരിസരപ്രദേശങ്ങളും ഏലൂർ സെന്റ് ആൻസ് വിദ്യാലയത്തിന്റെ പ്രദേശങ്ങളും ശുചീകരിച്ചു.

പ്രളയജലം ഇറങ്ങിയപ്പോൾ കുന്നുകൂടിക്കിടന്ന മാലിന്യവസ്തുക്കളും ചെളിയും നീക്കം ചെയ്ത് കഴുകിയാണ് വൃത്തിയാക്കിയത്.

കുടിവെള്ള ദൗർലഭ്യം നേരിടുന്ന മേഖലകളിൽ ഫാക്ടിന്റെ ഫയർ എൻജിൻ ഉപയോഗിച്ച് കമ്പനിയുടെ ജലശുദ്ധീകരണ ശാലകളിൽ നിന്ന് ശുദ്ധജലം വിതരണം ചെയ്തു വരുന്നുണ്ട്. ഫാക്ടിന്റെ മെഡിക്കൽ വിഭാഗവും ക്യാമ്പുകൾ നടത്തി രോഗികൾക്ക് വേണ്ട വൈദ്യ സഹായം ചെയ്തു കൊടുക്കുന്നുണ്ട്.